## “പരിചരണം രോഗിയുടെ അവകാശമാണ്, ഔദാര്യമല്ല.”

## “പരിചരണം രോഗിയുടെയും ആശ്രിതന്റെയും മാത്രം ബാധ്യതയല്ല, സമൂഹത്തിന്റേതുകൂടിയാണ്.”

## “രോഗത്തിന് ജാതിയും, മതവും, രാഷ്ട്രീയവും, ദേശ–ഭാഷാ പരിമിതിയും ഇല്ലാത്തതുപോലെ പരിചരണത്തിനും അതിർവരമ്പുകളില്ല.”

### കിടപ്പിലായ രോഗികൾക്ക് വീടുകളിൽ എത്തി പരിചരണം

ചികിത്സക്കും പരിചരണത്തിനും ധാരാളം സൗകര്യങ്ങളുള്ള നമ്മുടെ നാട്ടിൽ വീട്ടിൽ നിന്ന് പുറത്തിറങ്ങാനാവാത്ത വിധം രോഗബാധിതരായവരെ വീടുകളിൽ ചെന്ന് പരിചരിക്കാനുള്ള സംവിധാനങ്ങൾ വളരെ പരിമിതമാണ്. പാലിയേറ്റീവ് ഹോം കെയറിനപ്പുറം മറ്റൊന്നുമില്ല ഈ രംഗത്ത്.

രോഗിയുടെ അന്തസ്സ് കാത്തുസൂക്ഷിക്കാനും കുടുംബത്തിന്റെ പ്രയാസങ്ങൾ ലഘൂകരിക്കാനും രോഗിക്കും കുടുംബത്തിനും സമഗ്ര പരിചരണം നൽകാനും ഇതുമൂലം സാധിക്കുന്നു.

നമ്മളല്ലാതെ (പാലിയേറ്റീവ് കെയർ) മറ്റാരും ഈ രംഗത്ത് ഇല്ല എന്നതിനാൽ തന്നെ കഴിഞ്ഞ വർഷം മുതൽ ഒ.പി പ്രവർത്തനം ആഴ്ചയിൽ 2 മണിക്കൂർ മാത്രമാക്കി ചുരുക്കുകയും ബാക്കി മുഴുവൻ ദിവസങ്ങളിലും നാം രോഗികളെ വീടുകളിൽ ചെന്ന് പരിചരിക്കുകയും ചെയ്യുന്നു. രോഗികളിൽ പ്രകടമായ വലിയ മാറ്റങ്ങളാണ് ഇത്മൂലം ഉണ്ടായത്.

### മാനസിക രോഗികളുടെ പരിചരണത്തിൽ സാമൂഹ്യ പങ്കാളിത്തം

പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി തന്നെ 2008ലാണ് മാനസിക രോഗികൾക്ക് നാം പരിചരണം ആരംഭിച്ചത്. മെന്റൽ ഹെൽത്ത് ആക്ഷൻ ട്രസ്റ്റിലെ(MHAT) സൈക്യാട്രിസ്റ്റുകളുടെയും സൈക്കോളജിസ്റ്റുകളുടെയും സഹകരണത്തോടെ രോഗികൾക്ക് കൃത്യമായി നാം പരിചരണം നൽകുന്നു.

ഓരോ രോഗിയേയും, ഓരോ കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ നിരീക്ഷണത്തിലാണ് ചികിത്സിച്ച് വരുന്നത്. ആഴ്ചയിൽ ഒരു ദിവസം വളണ്ടിയർമാർ രോഗിയുടെ വീട്ടിൽ എത്തി വിവരങ്ങൾ ശേഖരിക്കുകയും, മരുന്ന് കഴിക്കാനും മറ്റുമുള്ള പ്രയാസങ്ങൾ നിരീക്ഷിക്കുകയും ആവശ്യഘട്ടങ്ങളിൽ ഉടനെസൈക്യാട്രിസ്റ്റുമായി ബന്ധപ്പെടുകയും ചെയ്യുന്നു. ഈ രീതിമൂലം രോഗിക്കും, കുടുംബത്തിനും ഉണ്ടാകുന്ന ദൈനംദിന പ്രശ്നങ്ങൾക്ക് അപ്പപ്പോൾ പരിഹാരം നൽകാനാവുന്നു. ഏറ്റവും ദരിദ്രരായവരും അലഞ്ഞുതിരിഞ്ഞു നടക്കുന്നവരുമായ രോഗികളെ മാത്രമാണ് ഇപ്പോൾ പരിഗണിക്കുന്നത്. ഇതിനകം 127 രോഗികളെ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തു.

### മാനസിക രോഗികളുടെ ഡേകെയർ സെന്ററും തൊഴിൽപരമായ പുനരധിവാസവും

മാനസികരോഗ ചികിത്സയിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് ഡേകെയറിനുള്ളത്. രോഗിക്ക് മരുന്ന് നൽകുന്നതോടൊപ്പം അവരുടെ നഷ്ടപ്പെട്ട കഴിവുകൾ വീണ്ടെടുക്കുന്നതിന് ഡേകെയർ പ്രധാനപങ്കുവഹിക്കുന്നു. ഓരോരുത്തരും അനുഭവിക്കുന്ന പ്രയാസങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും പരിശീലനങ്ങളും നൽകുന്നു. വലിയ മാറ്റമാണ് ഇത്മൂലം രോഗികൾക്ക് ഉണ്ടായിട്ടുള്ളത്. ഡേകെയറിൽ കൂടെ പലരും സ്വന്തമായി വിവിധ ജോലികളിൽ ഏർപ്പെട്ട് ജീവിതത്തിലേക്ക് തിരിച്ചുവന്നു. നാടിനും വീടിനും ബാധ്യതയായവർ എന്ന് മുദ്ര കുത്തപ്പെട്ട ഇത്തരം രോഗികൾ സമൂഹത്തിന്റെ ഭാഗമായി.

### നട്ടെല്ലിന് ക്ഷതം സംഭവിച്ച രോഗികളുടെ പകൽ വീടും തൊഴിൽ പരിശീലനവും

ആകസ്മികമായ ഒരു അപകടംകൊണ്ടോ, ഒരു വീഴ്ച കൊണ്ടോ നട്ടെല്ല് തകർന്ന് ശിഷ്ടകാലം മുഴുവൻ വീൽചെയറിലും, കട്ടിലിലും ആയി ജീവിച്ച് തീർക്കാൻ വിധിക്കപ്പെട്ട ഒരുകൂട്ടം സഹോദരങ്ങളാണ് ഇവിടെ ഒത്തുചേരുന്നത്. എല്ലാ വെള്ളിയാഴ്ചയും ക്ലിനിക്കിന്റെ വാഹനത്തിൽ ഇവരെ കൊണ്ടുവന്ന് കുടനിർമ്മാണം, സോപ്പ് നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നു. ഒരാഴ്ചത്തേക്ക് തൊഴിലിൽ ഏർപ്പെടാനുള്ള സാധനങ്ങളുമായാണ് ഇവർ വൈകുന്നേരം തിരിച്ചുപോകുന്നത്. ഇവർ നിർമ്മിച്ച ആയിരക്കണക്കിന് കുടകളും, സോപ്പുകളും, മറ്റുൽപ്പന്നങ്ങളും പ്രാദേശികമായി തന്നെ വിറ്റഴിക്കാനും സ്വന്തം അദ്ധ്വാനത്തിലൂടെ വരുമാനം കണ്ടെത്താൻ ഇവരെ പ്രാപ്തരാക്കാനും ഈ കാലയളവിൽ നമുക്ക് സാധിച്ചു. കൂടാതെ കഴിഞ്ഞ വർഷം ഇത്തരം സഹോദരന്മാരെയും കുടുംബങ്ങളെയും ബേപ്പൂർ, ഗോതീശ്വരം ബീച്ചിലേക്ക് വിനോദയാത്ര സംഘടിപ്പിക്കാനും നമുക്ക് സാധിച്ചു.

### വൃക്കരോഗികൾക്ക് സഹായങ്ങൾ

മലപ്പുറം ജില്ലാ കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റിയുമായി ചേർന്ന് പ്രദേശത്ത് നിന്ന് ഏറ്റവും അർഹരായ കിഡ്നി രോഗികളെ കണ്ടെത്താനും അവർക്ക് ഡയാലിസിസിന് വേണ്ട ധനസഹായം ലഭ്യമാക്കാനും കഴിഞ്ഞ ഏതാനും വർഷങ്ങളായി നമുക്ക് കഴിയുന്നുണ്ട്. കൂടാതെ കഴിഞ്ഞ വർഷം മുതൽ കിഡ്നി മാറ്റിവെച്ച, ഭീമമായ സംഖ്യക്ക് സ്ഥിരമായി മരുന്ന് കഴിക്കുന്ന രോഗികൾക്ക് മാസംതോറും മരുന്നും, ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ക്ലിനിക്കിൽ നിന്നും ലഭ്യമാക്കുന്ന മരുന്നിനുപുറമെ 1000 രൂപയും നൽകാനും സാധിക്കുന്നു. ഇതിനകം 38 രോഗികൾ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തു.

### സാന്ത്വനമേകാൻ അയൽകണ്ണികൾ

രോഗികളും അവരുടെ കുടുംബങ്ങളും അനുഭവിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അവരുടെ നാട്ടിൽ നിന്ന് തന്നെയുള്ള ഒരു വളണ്ടിയർക്കേ സാധിക്കൂ എന്നുള്ളത് കൊണ്ട് തന്നെ പാലിയേറ്റീവ് കെയർ വിവിധ ഏരിയകളിൽ പാലിയേറ്റീവ് കെയർ സബ്യൂണിറ്റുകൾ രൂപീകരിച്ചു. ഓരോ ഏരിയകളിലും വളണ്ടിയർമാർ ഒറ്റക്കും കൂട്ടായും രോഗികളുടെ വീടുകൾ സന്ദർശിച്ച് കൃത്യമായ പരിചരണം നൽകുന്നു. ഇതിൽനിന്നും സാമ്പത്തികമായി വളരെ പ്രയാസപ്പെടുന്ന രോഗികളെ കണ്ടെത്താനും അവർക്കും അവരുടെ കുടുംബത്തിനും ഭക്ഷണം, വസ്ത്രം, കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ എന്നിവക്ക് വേണ്ട സഹായങ്ങൾ നൽകാനും സാധിക്കുന്നു.

**രോഗംമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ താങ്കളുടെ വിലപ്പെട്ട സമയത്തിൽ ഒരംശമെങ്കിലും ചെലവഴിക്കാൻ തയ്യാറാണോ?, ക്ലിനിക്കിന്റെ വിവിധ സേവന പദ്ധതികളിൽ പങ്കാളിയാവാനും രോഗീപരിചരണത്തിൽ പരിശീലനം നേടാനും തയ്യാറുള്ളവർ ബന്ധപ്പെടുക, ഫോൺ: 0483 2115660, 9847582809**








